എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്പോൾ തിരുവനന്തപുരവും ഇടുക്കിയും ഒഴികെ എല്ലാ ജില്ലകളിലും ഇത് പ്രവർത്തനക്ഷമമാണ്.

(ബി) വയനാട് ജില്ലയിൽ നല്ലൂർനാട് സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഈ സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) 2013 ജൂണിലാണ് നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ ഈ പദ്ധതി ആരംഭിച്ചത്. സർവ്വീസിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് കീമോതെറാപ്പിയിൽ വിദഗ്ധ പരിശീലനം നേടിയ രണ്ട് ഡോക്ടർമാരെയും രണ്ട് സ്റ്റാഫ് നഴ്സുമാരെയും ഈ സെന്ററിലേക്ക് വിന്യസിക്കുകയുണ്ടായി. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി കീമോതെറാപ്പി വാർഡും ഇവിടെ സജ്ജീകരിക്കുകയുണ്ടായി. പേഷ്യന്റ് മോണിറ്റർ, ഇൻഫ്യൂഷൻ പമ്പുകൾ, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ നൽകിയ ഫണ്ടുപയോഗിച്ച് വാങ്ങുകയുണ്ടായി. ഇവിടെ കീമോതെറാപ്പി, പാലിയേറ്റീവ് കീമോതെറാപ്പി, അസൈറ്റിക് ടാപ്പിംഗ്, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടകം 408 (നാനൂറ്റി എട്ട്) കീമോതെറാപ്പി ഈ ആശുപത്രിയിൽവച്ച് നൽകുകയും 159 (നൂറ്റി അൻപത്തി ഒൻപത്) പുതിയ ക്യാൻസർ കേസുകൾ നിർണ്ണയിക്കപ്പെടുകയും ചെയ്തു.

മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.

15 (8075) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോഴിക്കോട്, കോട്ടയം, സർക്കാർ മെഡിക്കൽ കോളേജുകളെ നിലവിൽ ടെർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

റേഡിയോതെറാപ്പി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങൾ ഉണ്ടാക്കി അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തി ഏകീകരിച്ച് മിനി ആർ.സി.സി.യാക്കി ഉയർത്താനാണ് വിഭാവന ചെയ്തിട്ടുള്ളത്. ആർ.സി.സി.യിൽ വിദഗ്ധ പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കാവുന്നതാണ്.

(ബി) ഇക്കാര്യത്തിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

താലൂക്ക് ആശുപത്രികളിലെ സൗജന്യ ഡയാലിസിസ്

16 (8076) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് സെന്ററുകളിൽ സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എറണാകുളം, കോഴിക്കോട്, ഇടുക്കി, മലപ്പുറം, കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നത്. ഡയാലിസിസ് സംവിധാനമുള്ള മറ്റ് സർക്കാർ ആശുപത്രികളിൽ 300-500 രൂപവരെയാണ് ഡയാലിസിസിന് ചാർജ്ജായി ഈടാക്കുന്നത്. ഡയാലിസിസി നാവശ്യമായ രാസവസ്തുക്കൾ/മരുന്നുകൾ എന്നിവയുടെ വില പരിഗണിച്ച് നാമമാത്രമായ തുകയാണ് ഈടാക്കുന്നത്. മിഷൻ 676-ൽ ഉൾപ്പെടുത്തി 601 മുതൽ 676 ദിവസം

LIBRARY ARCHIVES Kerala Legislative Assembly